
# 8

# മലയാളം യൂണിക്കോഡ് ടൈപ്പിങ്

**കമ്പ്യൂട്ടറിൽ** മലയാള അക്ഷരങ്ങൾ തെളിഞ്ഞു. ഇനി അവ വായിക്കാം. പക്ഷേ, അതുമാത്രം പോരാ ബ്ലോഗ് എഴുതാൻ. എങ്ങനെ മലയാളമെഴുതും? അതിനുള്ള ഉത്തരമാണ് ഈ അധ്യായം.

► മലയാളം ടൈപിങ് പഠിക്കാൻ



മലയാളം ടൈപ്പിങ് അറിയില്ല എന്നുള്ളതാണ് മലയാള ബ്ലോഗിങ് രംഗത്തേക്കു കടന്നുവരുന്ന പുതിയ ആളുകൾക്കുള്ള പ്രധാന തടസ്സം. എന്നാൽ ചിലർക്കൊക്കെ ഇൻസ്ക്രിപ്റ്റ് (ഐ.എസ്.എം.) ഉപയോഗിച്ചുള്ള ടൈപ്പിങ് അറിയുകയും ചെയ്യാം. എന്തുകൊണ്ടും നല്ലത് ഇൻസ്ക്രിപ്റ്റ് (ഐ.എസ്.എം.) കീബോർഡ്തന്നെയാണ്. ശാസ്ത്രീയമായാണ് ഐ.എസ്.എമ്മിൽ ലിപികളെ വിന്യസിച്ചിരിക്കുന്നത്. എല്ലാ ഇന്ത്യൻ ഭാഷകൾക്കും ഒരേ കീബോർഡാണ്. പക്ഷേ, അതു പഠിച്ചെടുക്കാൻ സമയം വേണം. ഇതിനൊരു പരിഹാരമാണ് ട്രാൻസ്ലിറ്ററേഷൻ (Transliteration) കീബോർഡ് അഥവാ മംഗ്ലിഷ് കീ ബോർഡ്. ട്രാൻസ്ലിറ്ററേഷന് മലയാളത്തിൽ ലിപ്യന്തരണം എന്നു പറയാം. ഇംഗ്ലിഷിൽ ടൈപ്പ് ചെയ്താൽ വാക്കുകൾ മലയാളത്തിൽ തെളിയുമെങ്കിൽ പിന്നെന്തു പ്രശ്നം. മലയാളവാക്കുകൾ ഇംഗ്ലിഷിൽ ടൈപ്പ് ചെയ്താൽ അവയുടെ ഉച്ചാരണത്തിനനുസൃതമായി മലയാളത്തിൽ അവ ദൃശ്യമാകുന്നു. ഉദാഹരണത്തിന് 'aana' എന്നെഴുതിയാൽ 'ആന' എന്നും 'kuthira' എന്നെഴുതിയാൽ 'കുതിര' എന്നും ദൃശ്യമാകുന്ന മായാജാലം. ഈ സൂത്രത്തിന്റെ പേരാണ് ട്രാൻസ്ലിറ്ററേഷൻ അഥവാ ലിപ്യന്തരണം. ലിപ്യന്തരണം ഉപയോഗിച്ച് ടൈപ്പ് ചെയ്യുമ്പോൾ കാപ്പിറ്റൽലെറ്ററിലും സ്മാൾലെറ്ററിലും വ്യത്യസ്ത അക്ഷരങ്ങളായിരിക്കും പ്രത്യക്ഷപ്പെടുക. 'thari' എന്ന് ടൈപ്പ് ചെയ്താൽ 'തരി' എന്നും 'thaRi' എന്ന് ടൈപ്പ് ചെയ്താൽ 'തറി' എന്നുമാകും പ്രത്യക്ഷപ്പെടുക. ഇത്തരം ചെറിയ സൂത്രപ്പണികൾ പഠിച്ചാൽ പിന്നെയെല്ലാം എളുപ്പം.


ലിപ്യന്തരണത്തിനുവേണ്ടി നിരവധി സൗജന്യ സോഫ്റ്റ്‌വെയറുകൾ നിലവിലുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ രാജ് നീട്ടിയത്ത് കീ ലേ ഔട്ട് ചെയ്ത മൊഴി കീമാപ്പ്, സിബു സി.ജെ. നിർമ്മിച്ച വരമൊഴി എന്നിവയാണ്. സ്വന്തം കമ്പ്യൂട്ടർ ഉപയോഗിച്ചാണ് ബ്ലോഗിങ് ചെയ്യാൻ ഉദ്ദേശിക്കുന്നതെങ്കിൽ ഇവയിലേതെങ്കിലും ഒന്ന് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുന്നതാവും നല്ലത്.

ഇത്തരം പ്രോഗ്രാമുകൾ ഡൗൺലോഡ് ചെയ്യാതെയും ലിപ്യന്തരണം വഴി മലയാളം എഴുതാനുള്ള സൂത്രപ്പണികൾ ഇന്റർനെറ്റിൽ ലഭ്യമാണ്. ഇളമൊഴി, മലയാളം ഓൺലൈൻ, ഗൂഗിൾ ഇൻഡിക് ട്രാൻസ്ലിറ്ററേഷൻ, അക്ഷരങ്ങൾ.കോം, വൺ ഇന്ത്യ യൂണിക്കോഡ് എഡിറ്റർ എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. കൂടാതെ ബ്ലോഗറിൽ ഉൾച്ചേർത്ത മലയാളം എഡിറ്ററുമുണ്ട്. ഐ.എസ്.എം. കീബോർഡ് ഉപയോഗിച്ച് മലയാളം ടൈപ്പിങ് അറിയുന്നവർക്ക് നിളയും വൺ ഇന്ത്യ യൂണിക്കോഡ് എഡിറ്ററുമാണ് സൗകര്യപ്രദം. താഴെ പറയുന്നവയിൽ നിങ്ങൾക്ക് ഏറ്റവും ലളിതമെന്നു തോന്നുന്ന ഒരെണ്ണം മാത്രം പരിശീലിക്കുന്നതാവും അഭികാമ്യം.


മൊഴി കീമാപ്പും നിള കീബോർഡും ഉപയോഗിച്ച് പോസ്റ്റ് എഴുതാനുള്ള വിൻഡോവിലും കമന്റ് വിൻഡോവിലും നേരിട്ടെഴുതാൻ സാധിക്കും. മറ്റുള്ളവയാണ് ഉപയോഗിക്കുന്നതെങ്കിൽ ടൈപ്പ് ചെയ്തതിനുശേഷം അവ കോപ്പി (Copy) ചെയ്ത് പോസ്റ്റ് എഴുതാനുള്ള വിൻഡോവിലും കമന്റ് വിൻഡോവിലും പേസ്റ്റ് (Paste) ചെയ്യേണ്ടതായിവരും. ഇനി എഴുത്തുപകരണങ്ങളെ നമുക്കു പരിചയിക്കാം. ഇന്ന് ബൂലോഗത്ത് ഏറ്റവും കൂടുതൽ പേർ ഉപയോഗിക്കുന്ന, എന്നാൽ വളരെ ലളിതമായ, 'മൊഴി' എന്ന സോഫ്റ്റ്‌വെയറിനെ ആദ്യം പരിചയപ്പെടാം.

## 1. മൊഴി കീമാപ്പ് – Mozhi Keymap

http://prdownloads.sourceforge.net/varamozhi/VaramozhiInstaller 1.07.01. exe?use_ mirror= kent എന്ന വിലാസം ബ്രൗസറിൽ ടൈപ്പ് ചെയ്ത് എന്റർ കീ അടിച്ചാൽ മൊഴിയുടെയും വരമൊഴിയുടെയും സെറ്റ് അപ്പ് പ്രോഗ്രാം ഡൗൺലോഡ് ചെയ്യാൻ തുടങ്ങും. ചിലപ്പോൾ ഡൗൺലോഡ് ആരംഭിക്കാൻ അല്പം താമസമുണ്ടായേക്കാം. അങ്ങനെ ഡൗൺലോഡ് ചെയ്യാൻ പറ്റുന്നില്ലെങ്കിൽ http://kannuran.blogspot.com എന്ന ബ്ലോഗിൽ നല്കിയിരിക്കുന്ന മൊഴി കീമാപ്പിന്റെ ലിങ്ക് ക്ലിക്ക് ചെയ്തും ഡൗൺലോഡ് ചെയ്യാവുന്നതാണ്.





സെറ്റ് അപ്പ് പ്രോഗ്രാം ഡെസ്ക്ടോപ്പിലേക്ക് സേവ് ചെയ്യുന്നതാണു നല്ലത്.




മുകളിൽ കാണുന്ന രീതിയിലാണ് ഡസ്ക്ടോപ്പിലേക്ക് സേവ് ചെയ്യേണ്ടത്. സേവ് ചെയ്തു കഴിഞ്ഞാൽ ഡസ്ക്ടോപ്പിൽ വരമൊഴി ഇൻസ്റ്റാളറിന്റെ ഐക്കൺ കാണാം.




ഈ ഐക്കണിൽ ഡബിൾ ക്ലിക്ക് ചെയ്താൽ ഒരു ചെറിയ വിൻഡോ തുറന്നുവരും. അതിൽ മൊഴിയുടെയും വരമൊഴിയുടെയും ലൈസൻസ് സംബന്ധമായ വിവരങ്ങൾ കാണാം. അവിടെ കാണുന്ന നെക്സ്റ്റ് (Next>) ബട്ടണിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ പ്രത്യക്ഷപ്പെടുന്ന വിൻഡോയിൽ ഏതൊക്കെ പ്രോഗ്രാമുകളാണ് ഡൗൺലോഡ് ചെയ്യേണ്ടതെന്ന് ടിക്ക് ചെയ്യുക. വരമൊഴിയാണ് ഇൻസ്റ്റാൾ ചെയ്യേണ്ടതെങ്കിൽ അതിനു നേരേയും, മൊഴി കീമാനാണ് ഇൻസ്റ്റാൾ ചെയ്യേണ്ടതെങ്കിൽ അതിനു നേരേയുമുള്ള ചതുരങ്ങളിൽ ക്ലിക്ക് ചെയ്ത് ടിക്ക് അടയാളമിടുക. യൂണിക്കോഡ് ഫോണ്ടുകൾ നേരത്തേതന്നെ ഇൻസ്റ്റാൾ ചെയ്തതിനാൽ വരമൊഴി, മൊഴി എന്നിവയുടെ നേർക്കു മാത്രം ടിക്ക് അടയാളം രേഖപ്പെടുത്തുക.




അതിനുശേഷം അതിനു താഴെയായി കാണുന്ന നെക്സ്റ്റ് (Next>) ബട്ടണിൽ ക്ലിക്ക് ചെയ്യുക. വരമൊഴി എഡിറ്റർ ഇൻസ്റ്റാളിങ് എന്ന സന്ദേശം പ്രത്യക്ഷപ്പെട്ടശേഷം അടുത്ത പ്രോഗ്രാമായ മൊഴി കീമാൻ ഇൻസ്റ്റാൾ ചെയ്യുന്നതിന് താഴെ കാണുംവിധം സന്ദേശം പ്രത്യക്ഷപ്പെടും.




അപ്പോൾ ഇൻസ്റ്റാൾ എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. നിമിഷങ്ങൾക്കകം മൊഴി ഇൻസ്റ്റാൾ ചെയ്യപ്പെടും. മൊഴി ഇൻസ്റ്റാൾ ചെയ്തുകഴിയുമ്പോഴേക്കും ഡെസ്ക്ടോപ്പിൽ ഏറ്റവും താഴെ ടാസ്ക് ബാറിൽ വലത്തേയറ്റത്ത് ഡയമണ്ട് ആകൃതിയിൽ ഒരു ചെറിയ ഐക്കൺ കാണാൻ സാധിക്കും.




ഡയമണ്ടിനകത്ത് K എന്നെഴുതിയിരിക്കും. പ്രസ്തുത ഐക്കണിൽ ക്ലിക്ക് ചെയ്താൽ ആ ഡയമണ്ട് കൂടാതെ ‘ക’ Mozhi Keymap എന്നെഴുതിയിരിക്കുന്ന മറ്റൊരു ചതുരംകൂടി പ്രത്യക്ഷപ്പെടും. ‘ക’ എന്നെഴുതിയിരിക്കുന്ന ഡയമണ്ടിൽ ക്ലിക്ക് ചെയ്താൽ അതിനു ശേഷം എന്തു ടൈപ്പ് ചെയ്താലും മലയാളത്തിലാവും പ്രത്യക്ഷപ്പെടുക. എന്തെളുപ്പം അല്ലേ? ഇനി കുറച്ചുനേരം




നോട്ട് പാഡ് തുറന്ന് അക്ഷരങ്ങൾ ടൈപ്പ് ചെയ്തു പഠിക്കുകയും ആവാം. അക്ഷരങ്ങൾ കൃത്യമായി പ്രത്യക്ഷപ്പെടുന്നില്ലെങ്കിൽ നോട്ട്പാഡിലെ ഫോർമാറ്റ് മെനു സെലക്ട് ചെയ്ത് ഫോണ്ട് എന്നിടത്ത് അഞ്ജലി ഓൾഡ് ലിപിയോ മറ്റേതെങ്കിലും യൂണിക്കോഡ് ഫോണ്ടോ സെലക്ട് ചെയ്യുക. കുറച്ചുനേരം പരിശീലിച്ചാൽ എളുപ്പത്തിൽ വഴങ്ങുന്ന രീതിയാണ് ലിപ്യന്തരണം. കീമാൻ സെലക്ട് ചെയ്യാതെ 'Engane malayalathil blOgaam' എഴുതിയതും കീമാൻ സെലക്ട് ചെയ്തശേഷം 'Engane malayaLathil blOgaam' എന്നെഴുതിയതും താഴെ കാണാം. എന്തെളുപ്പം മലയാളമെഴുതാൻ അല്ലേ?




## 2. വരമൊഴി - Varamozhi


നേരത്തേ മൊഴി ഇൻസ്റ്റാൾ ചെയ്യുമ്പോൾ കൂടെത്തന്നെ വരമൊഴിയും കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യപ്പെട്ടിരിക്കും. വരമൊഴി ആരംഭിക്കാൻ Start Programmes എടുത്തതിനുശേഷം Varamozhi Editor എന്നതിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ കറുത്തനിറത്തിലുള്ള വരമൊഴി എഡിറ്ററുടെ ഡിബഗ് കൺസോളും ഒപ്പം വരമൊഴി എഡിറ്ററും തുറന്നു വരും. ഡിബഗ് കൺസോളിൽ ഒന്നും ചെയ്യേണ്ടതില്ല. ആദ്യമായി വരമൊഴി എഡിറ്ററിലെ ഫോണ്ട് എന്നതിൽ ക്ലിക്ക് ചെയ്ത് AnjaliOldLipi എന്നതാണ് സെലക്ട് ചെയ്തിട്ടുള്ളതെന്ന് ഉറപ്പു വരുത്തുക. അവിടെ കാണുന്ന ആദ്യ വിൻഡോവിൽ ടൈപ്പ് ചെയ്യുന്ന ഇംഗ്ലിഷ് വാക്കുകൾ തൊട്ടടുത്തു കാണുന്ന മലയാളം വിൻഡോവിൽ മലയാളത്തിൽ പ്രത്യക്ഷപ്പെടും. അവിടെനിന്നും അവ കോപ്പി ചെയ്ത് (മലയാളത്തിൽ കാണുന്ന വാക്കുകൾ മൗസ് ഉപയോഗിച്ച് സെലക്ട് ചെയ്ത് റൈറ്റ് ക്ലിക്ക് ചെയ്ത് കോപ്പി എന്നതിൽ ക്ലിക്ക് ചെയ്യുക) ആവശ്യമുള്ളിടത്ത് (ബ്ലോഗിലോ കമന്റ് വിൻഡോവിലോ ഗൂഗിൾ പോലുള്ള തിരച്ചിൽ യന്ത്രങ്ങളിലോ) പേസ്റ്റ് (റൈറ്റ് ക്ലിക്ക് ചെയ്ത് പേസ്റ്റ് എന്നതിൽ ക്ലിക്ക് ചെയ്യുക) ചെയ്യുക.



ഫോണ്ട് എന്നതിൽ മാറ്റ്‌വെബ് എന്നാണ് സെലക്ട് ചെയ്തതെങ്കിൽ മുഴുവൻ എഴുതിക്കഴിഞ്ഞതിനുശേഷം വരമൊഴി എഡിറ്ററിലെ File ലിൽ ക്ലിക്ക് ചെയ്ത് Export to UTF8(Unicode) എന്നതിൽ ക്ലിക്ക് ചെയ്താൽ പുതിയൊരു ബ്രൗസറിൽ നിങ്ങളെഴുതിയത് യൂണിക്കോഡിൽ പ്രത്യക്ഷപ്പെടും. അത് അവിടെനിന്നും കോപ്പി ചെയ്ത് ആവശ്യമുള്ളിടത്ത് പേസ്റ്റ് ചെയ്യാവുന്നതാണ്. മൊഴിയിലും വരമൊഴിയിലും അക്ഷരങ്ങൾ ഒരേ രീതിയിലാണ് ലിപ്യന്തരണം നടത്തപ്പെടുന്നത്. വരമൊഴി സ്കീമിലെ സ്വരങ്ങളും വ്യഞ്ജനങ്ങളും കൂട്ടക്ഷരങ്ങളും എങ്ങനെയാണ് ഇംഗ്ലിഷിൽ എഴുതേണ്ടതെന്നത് അനുബന്ധം ഒന്നിൽ കാണാം.

## 3. ഇളമൊഴി – Ilamozhi

മൊഴി, വരമൊഴി എന്നിവ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കേണ്ടവയാണെങ്കിൽ ഇളമൊഴി അങ്ങനെ ഇൻസ്റ്റാൾ ചെയ്യാതെ ഉപയോഗിക്കാൻവേണ്ടിയുള്ളതാണ്. ഓഫീസിൽ നിന്നോ കഫെയിൽനിന്നോ ബ്ലോഗുന്നവർക്ക് ഉപയോഗിക്കാൻവേണ്ടി ആന്റണി ഡെയ്ൻ (Anthony Deign) ആണിത് നിർമ്മിച്ചിരിക്കുന്നത്. മൊഴിയും വരമൊഴിയും ഒരേ ലിപിവിന്യാസമാണ് ഉപയോഗിക്കുന്നതെങ്കിൽ ഇവിടെ ഭാഗികമായി മാത്രമേ അതുപയോഗിച്ചിട്ടുള്ളൂ. http://adeign.googlepages.com/ilamozhi.html എന്ന് ബ്രൗസറിൽ ടൈപ്പ് ചെയ്ത് എന്റർ കീ അടിച്ചാൽ





ഇളമൊഴി തുറന്നു വരും. ഇളമൊഴിയുടെ ആദ്യ വിൻഡോവിൽ മംഗ്ലിഷിൽ ടൈപ്പ് ചെയ്യുമ്പോൾ പ്രസ്തുത വാക്കുകൾ തൊട്ടടുത്ത വിൻഡോവിൽ മലയാളത്തിൽ പ്രത്യക്ഷപ്പെടും. അത് അവിടെ നിന്നും കോപ്പി ചെയ്ത് ആവശ്യമുള്ളിടത്ത് പേസ്റ്റ് ചെയ്യാവുന്നതാണ്. ഇളമൊഴിയിൽ മലയാളം എഴുതുന്നതിനിടെ ഇംഗ്ലിഷ് വാക്കുകൾ എഴുതുക സാധ്യമല്ല. ഇളമൊഴിയിലെ അക്ഷരങ്ങൾ എങ്ങനെ ലഭിക്കുമെന്ന് അറിയുവാൻ ഇളമൊഴി – വരമൊഴി (ലളിതം) എന്നു കാണുന്നതിന്റെ താഴെ ചുവന്ന നിറത്തിൽ കാണുന്ന അക്ഷരങ്ങളുടെ മേൽ മൗസ് കൊണ്ടുപോയാൽ മതിയാകും.

## 4. മലയാളം ഓൺലൈൻ – Malayalam Online

ഇളമൊഴിപോലെ ഓൺലൈനിൽ മലയാളമെഴുതാനുള്ള മറ്റൊരു എഴുത്തുപകരണമാണ് മലയാളം ഓൺലൈൻ. മൊഴി കീമാപ് രൂപകല്പന ചെയ്ത രാജ് നീട്ടിയത്താണ് ഇതും തയ്യാ


റാക്കിയിരിക്കുന്നത്. ഇതിൽ മൊഴിയും വരമൊഴിയും ഉപയോഗിക്കുന്ന ലിപിവിന്യാസമാണ് ഉപയോഗിച്ചിരിക്കുന്നത്. മലയാളം എഴുതുന്നതിനിടെ ഇംഗ്ലീഷ് വാക്കുകൾ എഴുതാനും തിരിച്ച് മലയാളമെഴുതാനും control +m ഉപയോഗിച്ചാൽ മതിയാകും. http://peringz.googlepages.com/mozhi.htm ബ്രൗസറിൽ ടൈപ്പ് ചെയ്ത് എന്റർ കീ അടിച്ചാൽ മലയാളം ഓൺലൈൻ ലഭിക്കും. അതിൽ കാണുന്ന വിൻഡോവിൽ മംഗ്ലീഷിൽ ടൈപ്പ് ചെയ്താൽ അക്ഷരങ്ങൾ തെളിയുന്നത് മലയാളത്തിലാണ്. ഇവ നേരത്തേ ഇളമൊഴിയിൽ ചെയ്തതുപോലെ കോപ്പി ചെയ്ത് ആവശ്യമുള്ളിടത്ത് പേസ്റ്റ് ചെയ്ത് ഉപയോഗിക്കാം.




http://peringz.googlepages.com/mozhi_offline.html എന്ന് ബ്രൗസറിൽ ടൈപ്പ് ചെയ്ത് ഈ പേജ് സേവ് ചെയ്തുവച്ചാൽ ഓഫ് ലൈനിലും (കമ്പ്യൂട്ടർ ഇന്റർനെറ്റുമായി ബന്ധപ്പെടുത്താത്ത അവസ്ഥയിലും) മലയാളം എഴുതുന്നതിനായി ഉപയോഗിക്കുവാൻ സാധിക്കും.


### 5. ഗൂഗിളിന്റെ ഇൻഡിക് ട്രാൻസ്‌ലിറ്ററേഷൻ - Google IndicTransliteration

ഇളമൊഴി, മലയാളം ഓൺലൈൻ എന്നിവപോലെതന്നെ ഓൺലൈനിൽ മലയാളമെഴുതാനുള്ള മറ്റൊരു എഴുത്തുപകരണമാണ് ഗൂഗിൾ ഇൻഡിക് ട്രാൻസ്‌ലിറ്ററേഷൻ. http://www.google.com/transliterate/indic/Malayalam എന്ന് ബ്രൗസറിൽ ടൈപ്പ് ചെയ്ത് എന്റർ കീ അടിച്ചാൽ ഇൻഡിക് ട്രാൻസ്‌ലിറ്ററേഷൻ ലഭിക്കും. അതിൽ കാണുന്ന വിൻഡോവിൽ മംഗ്ലീഷിൽ ടൈപ്പ് ചെയ്താൽ അക്ഷരങ്ങൾ തെളിയുന്നത് മലയാളത്തിലാണ്. വരമൊഴി ലിപിവിന്യാസത്തിൽനിന്നും അല്പം വ്യത്യസ്തമായിട്ടുള്ള ലിപിവിന്യാസമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. മലയാളം കൂടാതെ ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ എന്നീ ഭാഷകളിലും ഇൻഡിക് ട്രാൻസ്‌ലിറ്ററേഷൻ ഉപയോഗിച്ച് ടൈപ്പ് ചെയ്യാൻ സാധിക്കും. ഇളമൊഴിയിലും മലയാളം ഓൺലൈനിലും ചെയ്തതുപോലെ കോപ്പി ചെയ്ത് ആവശ്യമുള്ളിടത്ത് പേസ്റ്റ് ചെയ്ത് ഉപയോഗിക്കാം.




## 6. നിള – Nila


കേരള സർക്കാരിന്റെ കീഴിലുള്ള സെന്റർ ഫോർ ലിംഗ്വിസ്റ്റിക് കംപ്യൂട്ടിങ് കേരളം (Centre for Linguistic Computing Keralam) എന്ന സ്ഥാപനമാണ് നിള എന്ന സൗജന്യമായ സോഫ്റ്റ്‌വെയർ പുറത്തിറക്കിയിരിക്കുന്നത്. ഇൻസ്ക്രിപ്റ്റ് ഐ. എസ്. എം. കീബോർഡിൽ പരിശീലനം ലഭിച്ച വർക്ക് ഒരനുഗ്രഹമാണ് നിള എഡിറ്റർ. http://www.clickeralam.org/ എന്ന വെബ്സൈറ്റിൽ നിന്നും നിള ഡൗൺലോഡ് ചെയ്യാം. ക്ലിക്ക് കേരളം ആവശ്യപ്പെടുന്ന വിവരങ്ങൾ നല്കി, നിള യുടെ സെറ്റ് അപ്പ് പ്രോഗ്രാം ഡൗൺലോഡ് ചെയ്തശേഷം അതിൽ ഡബിൾ ക്ലിക്ക് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക. നിള ഒഫീഷ്യൽ സോഫ്റ്റ്‌വെയറിൽ നിള കലണ്ടർ, കൺവർട്ടർ, എഡിറ്റർ, കീബോർഡ് എന്നിവ അടങ്ങിയിരിക്കുന്നു. ഇതിൽ നിള കൺവർട്ടർ ഉപയോഗിച്ച് ആസ്കീ (ASCII) ഫോർമാറ്റിലുള്ള ഫയലുകൾ യൂണിക്കോഡിലേക്ക് കൺവർട്ട് ചെയ്യാം. നിള, എഡിറ്റർ വേർഡ് പ്രോസസിങ്ങിനുള്ള സോഫ്റ്റ്‌വെയറാണ്.



നിള കീബോർഡ് ഐ.എസ്.എം.ന്റെ (ഇൻസ്ക്രിപ്റ്റ്) രീതിയിലുള്ള കീബോർഡ് ഡ്രൈവ
റാണ്. ഇതിൽ കീബോർഡ് എന്ന മെനുവെടുത്ത് ഇൻസ്ക്രിപ്റ്റ് എന്നതിൽ ക്ലിക്ക് ചെയ്താൽ
ASCII എന്നും Unicode Keyboard എന്നും കാണാം. ഇതിൽ Unicode Keyboard എന്ന് സെലക്ട്
ചെയ്യുക. നിള ഉപയോഗിച്ച് ബ്ലോഗിലേക്കും കമന്റ് വിൻഡോവിലും നേരിട്ട് ടൈപ്പ് ചെയ്യാൻ
സാധിക്കും.


### 7. അക്ഷരങ്ങൾ – Aksharangal.com

ഇളമൊഴി, മലയാളം ഓൺലൈൻ, ഗൂഗിൾ ഇൻഡിക് ട്രാൻസ്ലിറ്ററേഷൻ എന്നിവപോലെ
തന്നെ ഓൺലൈനിൽ മലയാളമെഴുതാനുള്ള മറ്റൊരു എഴുത്തുപകരണമാണ് അക്ഷരങ്ങൾ.
കോം. അക്ഷരങ്ങൾ. കോം (www.aksharangal.com) എന്ന വിലാസം ബ്രൗസറിൽ ടൈപ്പ് ചെയ്ത്
എന്റർ കീ അടിച്ചാൽ അക്ഷരങ്ങൾ .കോം എന്ന വെബ്സൈറ്റ് തെളിഞ്ഞുവരും. ഇവിടെയും
രണ്ട് വിൻഡോകൾ കാണാം. ആദ്യ വിൻഡോയിൽ മംഗ്ലീഷിൽ ടൈപ്പ് ചെയ്താൽ രണ്ടാമത്തെ
വിൻഡോവിൽ മലയാളത്തിൽ ഇവ ലഭിക്കും. കൂടാതെ ആസ്കീ (ASCII) ഫോർമാറ്റിലുള്ളവ
യൂണികോഡിലേക്ക് കൺവർട്ട് ചെയ്യാനും ഇവിടെ സൗകര്യമുണ്ട്. ആസ്കീ ഫോർമാറ്റിലുള്ള
എഴുത്ത് ആദ്യ വിൻഡോവിൽ പേസ്റ്റ് ചെയ്ത ശേഷം Select Font എന്നിടത്ത് ഫോണ്ടിന്റെ
പേര് സെലക്ട് ചെയ്യുക. താഴെ കാണുന്ന കൺവർട്ട് എന്ന ബട്ടനിൽ ക്ലിക്ക് ചെയ്താൽ ആസ്കീ
ഫോർമാറ്റിലുള്ള എഴുത്ത് യൂണികോഡിലേക്ക് മാറി വരും.




### 8. ടൈപ്പ്ഇറ്റ് – Typeit!!


ഇൻസ്ക്രിപ്റ്റ് (ഐ എസ് എം) കീബോർഡ് പഠിച്ചവർക്ക് യൂണിക്കോഡ് മലയാളം ടൈപ്പ്
ചെയ്യാനുള്ള മറ്റൊരു സോഫ്റ്റ്വെയറാണ് ടൈപ്പ്ഇറ്റ്. http://www.softpedia.com/get/Officetools/
Text-editors/Typeit.shtml എന്ന വിലാസം ബ്രൗസറിൽ ടൈപ്പ് ചെയ്ത് എന്റർ കീ അടിച്ചാൽ
സെറ്റ് അപ്പ് പ്രോഗ്രാം ഡൗൺലോഡ് ചെയ്യാൻ സാധിക്കും. അങ്ങനെ ഡൗൺലോഡ് ചെയ്യ
പ്പെടുന്ന സെറ്റ് അപ്പ് പ്രോഗ്രാം ഡബിൾ ക്ലിക്ക് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക. ഇൻസ്റ്റാൾ ചെയ്തു
കഴിയുമ്പോഴേക്കും 'start programmes'ൽ 'typeit' കാണാൻ സാധിക്കും. അവിടെ ക്ലിക്ക് ചെയ്താൽ
ടൈപ്പ്ഇറ്റ് തുറന്നു വരും. ഇവിടെ മലയാളം ഇൻസ്ക്രിപ്റ്റ്, മലയാളം ടൈപ്പ് റൈറ്റർ എന്നീ




കീബോർഡുകൾ ഉപയോഗിച്ച് ടൈപ്പ് ചെയ്യാം. ആസ്കീ ഫോർമാറ്റിലുള്ളവ യൂണിക്കോഡിലേക്ക് കൺവർട്ട് ചെയ്യാനും ഇതിൽ സൗകര്യമുണ്ട്. ആസ്കീ ഫോർമാറ്റിലുള്ളവ വിൻഡോവിൽ പേസ്റ്റ് ചെയ്ത ശേഷം ടൂൾസ് എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ Convert to unicode എന്ന ബട്ടൻ കാണാം. അവിടെ ക്ലിക്ക് ചെയ്താൽ ആസ്കീ ഫോർമാറ്റിലുള്ളവ യൂണിക്കോഡിലേക്ക് മാറി പുതിയൊരു വിൻഡോവിൽ ലഭിക്കും. അവിടെനിന്നും കോപ്പി ചെയ്ത് ആവശ്യാനുസരണം ഉപയോഗിക്കാം.

### 9. വൺ ഇന്ത്യ യൂണിക്കോഡ് എഡിറ്റർ

മലയാളം ഇൻസ്ക്രിപ്റ്റ് കീബോർഡ് സപ്പോർട്ട് ചെയ്യുന്ന മറ്റൊരു എഴുത്തുപകരണമാണ് വൺ ഇന്ത്യ യൂണിക്കോഡ് എഡിറ്റർ. ഈ എഡിറ്റർ ലഭിക്കാൻ http://www1.oneindia.in/unicode/editor.Ohtml എന്ന് ബ്രൗസറിൽ ടൈപ്പ് ചെയ്ത് എന്റർ കീ അടിക്കുക. അവിടെ തുറന്നു വരുന്ന വിൻഡോവിനു മുകളിൽ കാണുന്ന കോമ്പോ ബോക്സിൽനിന്നും മലയാളം ഇൻസ്ക്രിപ്റ്റ് സെലക്ട് ചെയ്യുക. Font Name എന്നുള്ളിടത്ത് അഞ്ജലി ഓൾഡ് ലിപി സെലക്ട് ചെയ്യുക. ഇനി ഇഷ്ടാനുസരണം ഇൻസ്ക്രിപ്റ്റ് കീബോർഡ് അനുസരിച്ച് ടൈപ്പ് ചെയ്യാം. മലയാളം കൂടാതെ മറ്റ് ഇന്ത്യൻ ഭാഷകളിലും വൺ ഇന്ത്യ യൂണിക്കോഡ് എഡിറ്റർ ഉപയോഗിച്ച് എഴുതാൻ സാധിക്കുന്നു എന്നത് ഇതിന്റെ സവിശേഷതയാണ്.



ഈ അധ്യായത്തിൽ ഒൻപത് എഴുത്തുപകരണങ്ങളാണ് പരിചയപ്പെട്ടത്. നിങ്ങൾക്ക് ഉചിതമെന്നു തോന്നുന്ന ഏതും സ്വീകരിക്കാം. മലയാളം ഇൻസ്ക്രിപ്റ്റ് ഉപയോഗിച്ചുള്ള ടൈപ്പിങ് അറിയാമെങ്കിൽ നിള, ടൈപ്പിറ്റ്, വൺ ഇന്ത്യ യൂണിക്കോഡ് എഡിറ്റർ എന്നിവയിൽ ഏതെങ്കിലുമൊന്നും, അല്ലാത്തപക്ഷം മൊഴി, വരമൊഴി, ഇളമൊഴി, മലയാളം ഓൺലൈൻ, ഗൂഗിൾ ട്രാൻസ്‌ലിറ്ററേഷൻ, അക്ഷരങ്ങൾ എന്നിവയിൽ ഏതെങ്കിലുമൊന്ന് സ്വീകരിക്കുന്നത് ആയിരിക്കും നല്ലത്. അവയിൽ ഏതെങ്കിലുമൊന്നിൽ ടൈപ്പിങ് പരിശീലിക്കുകയും വേഗം കൈവരിക്കുകയും ചെയ്താൽ ബ്ലോഗിങ്ങിലെ ഏറ്റവും വലിയ കടമ്പ കടന്നു എന്നു പറയാം. കളിയിലൂടെ ഇൻസ്ക്രിപ്റ്റ് പഠിക്കാനുള്ള വിദ്യ ഈ വിലാസം സന്ദർശിച്ചാൽ കാണാം. http://replyspot.blogspot.com/2007/12/blog-post_10.html

അടുത്തകാലത്തായി ബ്ലോഗർ.കോം ലിപ്യന്തരണം ഉപയോഗിച്ചുള്ള ഇൻബിൽറ്റ് മലയാളം എഡിറ്റർ ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഇത്തരം സോഫ്റ്റ്‌വെയറുകൾ വിന്യസിക്കാതെതന്നെ മലയാളത്തിൽ ബ്ലോഗ് എഴുതാൻ സാധിക്കും. പക്ഷേ, മറ്റുള്ളവരുടെ ബ്ലോഗുകളിൽ നിങ്ങളുടെ അഭിപ്രായം മലയാളത്തിൽ രേഖപ്പെടുത്താൻ ഇവ കൂടിയേ തീരൂ.

സ്ഥിരമായി ഒരേ കമ്പ്യൂട്ടറാണ് ഉപയോഗിക്കുന്നതെങ്കിൽ മൊഴി, വരമൊഴി, ടൈപ്പ്ഇറ്റ്, നിള എന്നിവയിലേതെങ്കിലുമൊന്ന് ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കുന്നതാണു നല്ലത്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക: ഏതെങ്കിലും ഒരു എഴുത്തുപകരണം മാത്രം ഉപയോഗിക്കുന്നതാണ് അഭികാമ്യം. അടുത്ത അധ്യായത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളിലെ ടൈപ്പിങ്ങിനെക്കുറിച്ച് പഠിക്കാം.